**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4304** **09-08-2021 - ൽ മറുപടിയ്ക്ക്**

**വിനോദ നഗർ ഭൂദാന കോളനിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അയ്യല്ലൂർ വിനോദനഗർ ഭൂദാന കോളനിയിലുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | ഇരിട്ടി താലൂക്ക് കൊളാരി അംശം അയല്ലൂർ ദേശം റിസ 35 ൽ വിനോഭ നഗർ കോളനിയിലെ 37 കുടുംബങ്ങൾക്ക് ഭൂദാൻ പതിച്ചു നൽകൽ ചട്ടങ്ങൾ 1962 പ്രകാരം 37 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. |
| (ബി) | അൻപതോളം കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനി നിവാസികൾക്ക്, ബാങ്ക് വായ്പ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇത്തരത്തിൽ സിദ്ധിച്ച ഭൂമി പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ് . ബാങ്ക് വായ്പ നൽകാവുന്ന വിധത്തിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ